**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി ജാകിലിൻ ജോർജ്, ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്.) ഫയൽ ചെയ്ത OA (EKM)-2222/2017 കേസിന്റെ 24.11.2017-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2254/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 16.08.2018.**

---

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 06.10.2017-ലെ 2788/എസ്റ്റാ.ബി3/2017/സിആർഡി നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ 10.10.2017-ലെ 2788/എസ്റ്റാ.ബി3/2017/സിആർഡി നമ്പർ നടപടിക്രമം.

3) 26.10.2017-ലെ ശ്രീമതി ജാകിലിൻ ജോർജ് സമർപ്പിച്ച അപേക്ഷ. (Annexure A11)

4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM)-2222/2017-മേലുള്ള 09.10.2017-ലെ ഇടക്കാല ഉത്തരവ്.

5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM)-2222/2017-മേലുള്ള 24.11.2017-ലെ അന്തിമ ഉത്തരവ്.

6) ഗ്രാമവികസന കമ്മീഷണറുടെ 17.07.2018-ലെ 14995/എസ്റ്റാ.ബി3/2017/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി ജാകിലിൻ ജോർജ്, ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്.)-നെ മണ്ണാർക്കാട് ബ്ലോക്കിൽ ജോലിചെയ്തുവരവെ പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്കിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു. 2015 ഓഗസ്റ്റ് മാസം മുതൽ 2017 ഒക്ടോബർ മാസം വരെ 6 സ്ഥല മാറ്റ ഉത്തരവുകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇപ്പോൾ ജോലി ചെയ്യുന്ന മണ്ണാർക്കാട് ബ്ലോക്കിൽ തന്നെ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ജാകിലിൻ ജോർജ്, പരാമർശം (3) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചു. ഇതേ ആവശ്യം ഉന്നയിച്ച് ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA (EKM)-2222/2017 ഫയൽ ചെയ്യുകയും പരാമർശം (4)-ലെ ഇടക്കാല ഉത്തരവിൽ ശ്രീമതി ജാകിലിൻ ജോർജിന്റെ സ്ഥലംമാറ്റം ഒരു മാസത്തേക്ക് സ്റ്റേ നൽകുകയും ചെയ്തു. പരാമർശം (5) പ്രകാരമുള്ള അന്തിമ ഉത്തരവിൽ, സർക്കാർ പരാതിക്കാരിയെ നേരിൽ കേട്ട് 3 മാസത്തിനകം തീരുമാനം കൈക്കൊള്ളണമെന്നും അതുവരെ സ്റ്റേ തുടരുവാനും ഉത്തരവായിരുന്നു.

പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്കിലേക്ക് സ്ഥലം മാറ്റി ഉത്തരവായിരുന്നുവെന്നും ഈ സ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സ്റ്റേ വന്നതിനാൽ പരാമർശം (2) നടപടിക്രമം പ്രകാരം ശ്രീമതി ജാകിലിൻ ജോർജിനെ മണ്ണാർക്കാട് ബ്ലോക്കിൽ തന്നെ നിലനിർത്തി കൊണ്ട് ഉത്തരവായിട്ടുണ്ടെന്ന് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ജാകിലിൻ ജോർജിനെ 08.08.2018-ൽ സർക്കാർ നേരിൽകേട്ടു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി ജാക്വിലിൻ ജോർജ്, മണ്ണാർക്കാട് ബ്ലോക്കിൽ 29.07.2016 മുതലാണ് ജോലിചെയ്തു വരുന്നത്. പൊതുതാത്പര്യാർത്ഥം ഗ്രാമവികസന കമ്മീഷണർക്ക് സ്ഥലം മാറ്റാനുള്ള അധികാരമുള്ളതാണ്. ആയതിനാൽ കോടതി ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം OA (EKM)-2222/2017-ലെ 24.11.2017 തീയതിയിലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ശ്രീമതി ജാക്വിലിൻ ജോർജ്, ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്.) മണ്ണാർക്കാട്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ